"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഭക്ഷ്യപൊതുവിതരണ വകുപ്പ് - തൃശ്ശൂർ ജില്ല, ചാവക്കാട് മുൻസിപ്പാലിറ്റി FPS 224- ശ്രീമതി ബിന്ദു കെ.പി സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കികൊണ്ടും റിട്ട് പെറ്റിഷൻ (സിവിൽ) നം 14137/2024 മേലുള്ള 9.4.2024 ലെ വിധിന്യായം നടപ്പിലാക്കിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ഭക്ഷ്യ പൊതുവിതരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.233/2024/F&CS തീയതി,തിരുവനന്തപുരം, 06-08-2024

---

പരാമർശം:-

1. തൃശ്ശൂർ ജില്ലാ സപ്ലൈ ആഫീസറുടെ 10.07.2023 ലെ DSOTSR/656/2022-F2 നമ്പർ നടപടിക്രമം.
2. തൃശ്ശൂർ ജില്ലാ കളക്ടറുടെ 09/10/2023 ലെ DCTSR/8695/2023-C2 നമ്പർ നടപടിക്രമം
3. ശ്രീമതി ബിന്ദു കെ. പി. സർക്കാരിൽ സമർപ്പിച്ച 10.01.2024 തീയതിയിലെ റിവിഷൻ ഹർജി
4. റിട്ട് പെറ്റിഷൻ (സിവിൽ) നം 14137/2024 മേലുള്ള 9.4.2024 ലെ വിധിന്യായം
5. പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണറുടെ 13-05-2024 തീയതിയിലെ CCS/2664/2024-A8 നമ്പർ നടപടിക്രമം

**ഉത്തരവ്**

തൃശ്ശൂർ ജില്ല,ചാവക്കാട് മുൻസിപ്പാലിറ്റി വാർഡ് നം. II ൽ FPS 224 നമ്പർ റേഷൻകട ലൈസൻസിനായി ശ്രീമതി ബിന്ദു കെ.പി. 20.03.2023 ന് സമർപ്പിച്ച അപേക്ഷ 19.04.2023 ലെ നേർക്കാഴ്ചയ്ക്ക് ശേഷം പരാമർശം (1) പ്രകാരം തൃശ്ശൂർ ജില്ലാ സപ്ലൈ ആഫീസർ നിരസിച്ചിരുന്നു. ഇതിനെതിരെ ടിയാൾ കേരള ലക്ഷ്യാധിഷ്ഠിത പൊതുവിതരണ സംവിധാനം (നിയന്ത്രണ) ഉത്തരവ് 2021 പ്രകാരം തൃശ്ശൂർ ജില്ലാ കളക്ടർക്ക് അപ്പീൽ സമർപ്പിക്കുകയും ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ 18173/2023 നമ്പർ അന്യായം ഫയൽ ചെയ്യുകയും ടി കേസിലെ കോടതി വിധി അനുസരിച്ച് ഹർജിക്കാരിയെ തൃശ്ശൂർ ജില്ലാ കളക്ടർ നേരിൽ കേൾക്കുകയും പരാമർശം (2) പ്രകാരം അപ്പീൽ നിരസിക്കുകയുമുണ്ടായി. ജില്ലാ കളക്ടറുടെ പ്രസ്തുത ഉത്തരവിനെതിരെ പരാമർശം (3) പ്രകാരം ശ്രീമതി ബിന്ദു കെ.പി. സർക്കാരിൽ റിവിഷൻ ഹർജി സമർപ്പിക്കുകയുണ്ടായി.

(2) ഹർജിക്കാരി ശ്രീമതി ബിന്ദു.കെ.പി യുടെ ഭർത്താവ് ശ്രീ. T.S ദിനേഷിന്റെ ഉടമസ്ഥതയിലുള്ളതായിരുന്നു ചാവക്കാട് മുനിസിപ്പാലിറ്റിയിലെ FPS No.224. ടിയാൻ വിദേശത്ത് ജോലി നോക്കുന്നതിനായി ലൈസൻസ് സറണ്ടർ ചെയ്തതിനെത്തുടർന്ന് തൃശ്ശൂർ

ജില്ലാ സപ്ളൈ ഓഫീസർ FPS 224 ന്റെ ലൈസൻസ് ക്യാൻസൽ ചെയ്യുകയും FPS 14 നോട് കൂട്ടിച്ചേർക്കുകയും ടി ലൈസൻസിയുടെ മരണത്തെത്തുടർന്ന് FPS 224, FPS 18 നോട് കൂട്ടിചേർത്ത് പ്രവർത്തിപ്പിക്കുകയുമാണുണ്ടായത്.

(3) ജില്ലാ സപ്ലൈ ഓഫീസർ, FPS 224 ന്റെ ലൈസൻസിനായി പട്ടികജാതിക്കാരിൽ നിന്നും അപേക്ഷ ക്ഷണിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചതിനെതിരെ (DSO TSR/650/2022/F2, 16/05/2022) ശ്രീമതി ബിന്ദു.കെ.പി. WP(C) 18173/23 നമ്പർ അന്യായം ഫയൽ ചെയ്യുകയും ബഹുമാനപ്പെട്ട ഹൈക്കോടതി പ്രസ്തുത വിജ്ഞാപനം റദ്ദാക്കുകയുമുണ്ടായി. കോടതി വിധിയെത്തുടർന്ന് തൃശ്ശൂർ ജില്ലാ സപ്ലൈ ഓഫീസർ അപേക്ഷകയെ നേരിൽ കേൾക്കുകയും രേഖകൾ പരിശോധിക്കുകയും ചെയ്ത ശേഷം ടിയാരിയുടെ അപേക്ഷ നിരസിക്കുകയാണുണ്ടായത്.

(4) ഹർജിക്കാരി തൃശ്ശൂർ ജില്ലാ കളക്ടർക്ക് 08/08/2023 ന് അപ്പീൽ സമർപ്പിക്കുകയും ബഹു.കേരള ഹൈക്കോടതിയിൽ 27872/23 നമ്പർ അന്യായം ഫയൽ ചെയ്യുകയും 21/08/2023 ൽ ബഹുമാനപ്പെട്ട ഹൈക്കോടതി ടി കേസിൽ വിധി പ്രഖ്യാപിക്കുകയുമുണ്ടായി. കോടതി വിധിയെയും അപ്പീലിനെയും തുടർന്ന് 04/10/2023 ന് ജില്ലാ കളക്ടർ ഹർജിക്കാരിക്ക് നേർക്കാഴ്ച അനുവദിക്കുകയും വിശദ പരിശോധനക്ക് ശേഷം പരാമർശം (2) പ്രകാരംപ്രകാരം അപ്പീൽ നിരസിക്കുകയുമുണ്ടായി.

(5) പരാമർശം (1),(2) ഉത്തരവുകൾക്കെതിരെ,പരാമർശം (3) പ്രകാരം ശ്രീമതി ബിന്ദു കെ.പി സർക്കാരിൽ റിവിഷൻ ഹർജി സമർപ്പിക്കുകയും ബഹു.ഹൈക്കോടതിയിൽ റിട്ട് പെറ്റിഷൻ (സിവിൽ) നം 14137/2024 ഫയൽ ചെയ്യുകയുമുണ്ടായി.റിട്ട് പെറ്റിഷൻ (സിവിൽ) നം 14137/2024 മേലുള്ള 9.4.2024 ലെ വിധിന്യായവും, സർക്കാരിൽ സമർപ്പിച്ച പരാമർശം (3) ലെ റിവിഷൻ ഹർജിയും പരിഗണിച്ച 01.6.2024 ൽ സർക്കാർ ഹർജിക്കാരിയെ നേരിൽ കേൾക്കുകയുണ്ടായി.എന്നാൽ തന്റെ വാദമോ സെയിൽസ്മാൻ സീനിയോറിറ്റിയോ പൂർണമായി സമർത്ഥിക്കുന്നതിനുള്ള ആധികാരികത ടിയാൽ സമർപ്പിച്ച രേഖകൾക്കു ഇല്ലായിരുന്നു.

(6) ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ വിധിന്യായം , തൃശ്ശൂർ ജില്ലാ സപ്ലൈ ആഫീസറുടെ 10.07.2023 ലെ ഉത്തരവ് ,തൃശ്ശൂർ ജില്ലാ കളക്ടറുടെ 09/10/2023 ലെ ഉത്തരവ് ഭക്ഷ്യ പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണറുടെ റിപ്പോർട്ട് ബന്ധപ്പെട്ട ചട്ടങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ ശ്രീമതി ബിന്ദു കെ.പി.യുടെ റിവിഷൻ ഹർജി സർക്കാർ വിശദമായി പരിശോധിക്കുകയുണ്ടായി.

(7). .കേരള ലക്ഷ്യാധിഷ്ഠിത പൊതുവിതരണ സംവിധാനം (നിയന്ത്രണ) ഉത്തരവ് 2021 നിലവിൽ വന്ന 18.02.2021 ന് കേരള റേഷനിംഗ് ഓർഡർ 1966 പ്രകാരം നിലവിലുള്ള ലൈസൻസികൾക്ക് മാത്രമേ കേരള ലക്ഷ്യാധിഷ്ഠിത പൊതുവിതരണ സംവിധാനം (നിയന്ത്രണ) ഉത്തരവ് 2021 ലെ ഖണ്ഡിക 37 (1) മുതൽ (6) വരെയുള്ള ഉപഖണ്ഡികകൾ ബാധകമാകുകയുള്ളൂവെന്നും 18.02.2021 നോ അതിന് മുമ്പോ റദ്ദ് ചെയ്ത് അറ്റാച്ച് ചെയ്ത ന്യായവിലകടകളിലെ സെയിൽസ്മാൻ/സെയിൽസ് വുമൺ ന് 10 വർഷത്തിൽ കൂടുതൽ പ്രവർത്തി പരിചയം ഉണ്ടെങ്കിൽ കൂടിയും കേരള ലക്ഷ്യാധിഷ്ഠിത പൊതുവിതരണ സംവിധാനം (നിയന്ത്രണ) ഉത്തരവ് 2021 ഖണ്ഡിക 37 (5) പ്രകാരം നിയമനം ലഭിക്കാൻ അർഹത ഇല്ലായെന്നും പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർ അറിയിച്ചിട്ടുണ്ട്. ചാവക്കാട് താലൂക്കിലെ 1844224 നം. റേഷൻ കട റദ്ദ് ചെയ്തിരിക്കുന്നത് ജില്ലാ സപ്ലൈ ഓഫീസറുടെ 08.05.2008 തീയതിയിലെ നടപടിക്രമ പ്രകാരമാണ്. ആയതിനാൽ കേരള ലക്ഷ്യാധിഷ്ഠിത

പൊതുവിതരണ സംവിധാനം (നിയന്ത്രണ) 2021 ഉത്തരവിന്റെ ചട്ടപ്രകാരമാണ് ശ്രീമതി ബിന്ദു കെ.പി യുടെ അപേക്ഷ നിരസിച്ചിട്ടുള്ളതെന്ന് കാണുന്നു. വ്യക്തമായ രേഖകളുടെ അടിസ്ഥാനത്തിൽ വിശദ പരിശോധനകൾക്കും നേർക്കാഴ്ച്ചക്കും ശേഷമാണ് ശ്രീമതി ബിന്ദു കെ.പി എന്നവരുടെ അപേക്ഷകൾ നിരസിച്ചുത്തരവായിരിക്കുന്നതു എന്നതിനാൽ ജില്ലാസപ്ലൈ ആഫീസറുടെയും,ജില്ലാ കളക്ടറുടെയും ഉത്തരവുകൾ പുനഃപരിശോധിക്കേണ്ട സാഹചര്യം കാണുന്നില്ല. ശ്രീമതി ബിന്ദു കെ.പി.ക്ക് ചാവക്കാട് താലൂക്കിലെ FPS 224ന്റെ ലൈസൻസ് നൽകണം എന്ന വാദം നിലവിൽ അംഗീകരിക്കാൻ കഴിയുന്നതല്ല.

(6) ടി സാഹചര്യത്തിൽ, തൃശ്ശൂർ ജില്ല, ചാവക്കാട് മുൻസിപ്പാലിറ്റി FPS 224 നമ്പർ റേഷൻകട ലൈസൻസിനായി ശ്രീമതി ബിന്ദു കെ.പി സമർപ്പിച്ച റിവിഷൻ ഹർജി നിരസിച്ചുകൊണ്ടും , റിട്ട് പെറ്റിഷൻ (സിവിൽ) നം 14137/2024 മേലുള്ള 9.4.2024 ലെ വിധിന്യായം ഇപ്രകാരം നടപ്പിലാക്കിക്കൊണ്ടും ഇതിനാൽ ഉത്തരാവാകുന്നു

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
RAJENDRAN CHETTIYAR K
ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി . ബിന്ദു, കെ. പി. തറയിൽ ഹൗസ് , തിരുവാതിര പി ഒ, ചാവക്കാട്, തൃശ്ശൂർ, 680516
പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർ,തിരുവനന്തപുരം,
അഡ്വക്കേറ്റ് ജനറൽ,കേരള ,എറണാകുളം (With C/L)
ജില്ലാ കളക്ടർ, തൃശ്ശൂർ.
ജില്ലാ സപ്ലൈ ഓഫിസർ, തൃശ്ശൂർ.
കരുതൽ ഫയൽ (FCSD -B2/67/2024-FCSD)

ഉത്തരവിൻ പ്രകാരം
Signed by
Sneha S Nair
Date: 06-08-2024 13:36:56
സെക്ഷൻ ഓഫീസർ

ബഹു. ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു. ഭക്ഷ്യ പൊതുവിതരണ വകുപ്പ് സെക്രട്ടറിയുടെ പി. എ.യ്ക്ക്
ഭക്ഷ്യ പൊതുവിതരണ വകുപ്പ് ജോയിന്റ് സെക്രട്ടറിക്ക്
ഭക്ഷ്യ പൊതുവിതരണ ഡെപ്യൂട്ടി സെക്രട്ടറിക്ക്